**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഐ.ടി വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ബഹുമുഖങ്ങളായ ഒട്ടേറെ നടപടികളാണ് സർക്കാർ ഐ.ടി പാർക്കുകളിൽ സ്വീകരിച്ചുവരുന്നത്.<br>• മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഐ.ടി സംരഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനു വേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോവർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താ-വിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സർക്കാർ ഐ.ടി പാർക്കുകളിൽ ഒരുക്കിവരുന്നു.<br>• 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66 നു സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ 20-തോളം ചെറുകിട ഐ.ടി പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു.<br>• കേരളത്തിലെ അഭ്യസ്ഥവിദ്യരായ ഉദ്യോർഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി **'ഇഗ്നൈറ്റ്'** എന്ന പേരിൽ ധ്രുതഗതിയിൽ നടന്നുവരുന്നു.<br>• ആഗോള കമ്പനികൾക്ക് വേണ്ടി ജോലി ചെയ്യുന്ന സാധ്യതകളെ |

| | | | |
|---|---|---|---|
| | | | ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം നൂതനസാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കിയ പുതിയ സംരംഭങ്ങളും വ്യവസായങ്ങളും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>• സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈപവർ ഐ.ടി. കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രമുഖ അന്താരാഷ്ട്ര കമ്പനികളെ ഉൾപ്പെടെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലേക്ക് ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലുള്ള കോവർക്കിംഗ് സ്പെയിസ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് റിമോർട്ട് വർക്കിംഗ് ഫോഴ്സ് വഴി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ഐ.ടി പാർക്കുകളിലേക്ക് ഐ.ടി/ഐ.ടി.ഇ.എസ് മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ ഉൾപ്പെടെയുള്ള 64 പ്രമുഖ കമ്പനികളെ കേരളത്തിലേക്ക് ആകർക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ വഴിയുള്ള കയറ്റുമതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി കയറ്റുമതിയിൽ ഏകദേശം 9300 കോടി രൂപയുടേയും (10%) കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 1690 കോടി രൂപയുടേയും (27%) കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 29.54 കോടിയോളം രൂപയുടേയും (113%) വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി മൂന്ന് കോടി ചതുരശ്ര അടിയിലേക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>സർക്കാർ ഐ.ടി പാർക്കുകൾ, NH-66 നോടു ചേർന്ന് വിഭാവനം ചെയ്തിരിക്കുന്ന ചെറുകിട ഐ.ടി പാർക്കുകൾ, വർക്ക് നിയർ ഹോം പദ്ധതി എന്നിവ നടപ്പിലാക്കുന്നതിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിസ്തൃതി ഏകദേശം 3 കോടി ചതുരശ്ര അടിയോളമാക്കി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ